LIBRARY ARCHIVES Kerala Legislative Assembly

**മാഞ്ഞാലി തോടിന്റെ പുനരുദ്ധാരണം**

228 (1605) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മാഞ്ഞാലി തോടിന്റെയും കൈവഴിതോടിന്റെയും പുനരുദ്ധാരണത്തിനായി നിരവധി നിവേദനങ്ങളും പ്രോജക്ട് റിപ്പോർട്ടുകളും സമർപ്പിച്ചിട്ടും ആയതിന്റെ നവീകരണത്തിനായി തുക അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) മാഞ്ഞാലി തോടിന്റെ പുനരുദ്ധാരണത്തിനായി കൃഷി ഓഫീസുകൾ വഴി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അങ്കമാലി മാഞ്ഞാലി തോടിന്റെയും കൈവഴിതോടിന്റെയും പുനരുദ്ധാരണപദ്ധതി സെക്കൂറൽ അലോക്കേഷൻ പരിമിതിമൂലം നബാർഡിന്റെ RIDF XXI സ്കീമിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

(ബി&സി) ഉണ്ട്. പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജനയിൽപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സോയിൽ കൺസർവേഷൻ വകുപ്പുമുഖേനയുള്ള പ്രവൃത്തികൾ**

229 (1606) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈക്കം നിയോജകമണ്ഡലത്തിൽ സോയിൽ കൺസർവേഷൻ വകുപ്പുവഴി കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ടതും അല്ലാത്തതുമായ എന്തെല്ലാം പ്രവൃത്തികളാണ് ഏറ്റെടുത്തിട്ടുള്ളതെന്നും ഇതിൽ പൂർത്തിയാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും ഈ പദ്ധതികൾക്കായി ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ;

(ബി) സോയിൽ കൺസർവേഷൻ വകുപ്പുവഴി നടപ്പാക്കുന്നതിനായി സമർപ്പിക്കപ്പെട്ടിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്നും ഇതിന്റെ നടപടികളുടെ പുരോഗതി എന്തൊക്കെയെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കുട്ടനാട് പാക്കേജ് മുഖേന വൈക്കം നിയോജകമണ്ഡലത്തിൽ കിണറുകളുടെ പുനരുദ്ധാരണം, കുളങ്ങളുടെ പുനരുദ്ധാരണം എന്നീ പ്രവർത്തനങ്ങളാണ് പ്രധാനമായി നടപ്പിലാക്കിയത്. വൈക്കം നിയോജക മണ്ഡലത്തിൽ 23 കുളങ്ങളുടെ പുനരുദ്ധാരണത്തിനായി 2,19,35,940 രൂപയും 650 കിണറുകളുടെ പുനരുദ്ധാരണത്തിനായി 1,29,83,751 രൂപയും ചെലവഴിച്ചിട്ടുണ്ട്. 76,000 എണ്ണം രാമച്ചം തൈ വിതരണത്തിനായി 1,71,000 രൂപയും 10,000 എണ്ണം ഔഷധ ചെടി വിതരണത്തിനായി 1,00,000 രൂപയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവഴിച്ചിട്ടുണ്ട്. 5 പഞ്ചായത്തുകളിൽ 5000 വീതം ടിഷ്യൂകൾച്ചർ വാഴത്തൈ വിതരണത്തിനായി 4,26,700 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) മണ്ണ് പര്യവേഷണം മണ്ണ് സംരക്ഷണ വകുപ്പ് മുഖേന വൈക്കം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി പുതിയ പദ്ധതികളൊന്നും സമർപ്പിച്ചിട്ടില്ല.

**ചാലക്കുടി മണ്ഡലത്തിലെ കപ്പത്തോടിന്റെ സംരക്ഷണ നടപടികൾ**

230 (1607) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി, പരിയാരം പഞ്ചായത്തുകളിലൂടെ ഒഴുകുന്ന കപ്പത്തോടിന്റെ സംരക്ഷണ നടപടികൾ കെ.എൽ.ഡി.സിവഴി നടപ്പാക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന് അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി, പരിയാരം പഞ്ചായത്തുകളിലൂടെ ഒഴുകുന്ന കപ്പത്തോടിന്റെ സംരക്ഷണത്തിനായി കെ.എൽ.ഡി.സി. പദ്ധതി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. എന്നാൽ സെക്കൂറൽ അലോക്കേഷന്റെ പരിമിതിമൂലം പ്രസ്തുത പദ്ധതി RIDF XXI-ൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

(ബി) പ്രസ്തുത പദ്ധതി നബാർഡിന്റെ RIDF XXII സ്കീമിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.